പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 188      18.06.2013 ൽ മറുപടിക്ക്

# കണക്ഷൻ നൽകുന്നതിന് മുൻഗണന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് മുൻഗണനകൾ നിലവിലുണ്ടോ; | (എ) വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിലുള്ള ചെലവ് അടയ്ക്കുന്ന മുറയ്ക്കാണ് കണക്ഷന് മുൻഗണന നൽകുന്നത്. |
| (ബി) സൗജന്യകണക്ഷനുകൾ നിർത്തലാക്കികൊണ്ടുള്ള വൈദ്യുതി ബോർഡിന്റെ ഉത്തരവ് പുന:പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(സി) എസ്.ടി/ എസ്.സി. വിഭാഗങ്ങൾക്ക് പോസ്റ്റുകൾ വേണ്ട കണക്ഷനുകൾ, പ്രത്യേക മുൻഗണനാപ്രകാരം ലഭിച്ചിരുന്നത് ഒഴിവാക്കിയ നടപടി പുന:പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) യും (സി)യും<br>വൈദ്യുതി ബോർഡ് സൗജന്യ വൈദ്യുതി കണക്ഷനുകൾ നിർത്തലാക്കിയിട്ടില്ല. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശ പ്രകാരം സൗജന്യ വൈദ്യുതി കണക്ഷൻ പദ്ധതികൾ ക്രമീകരിക്കുക മാത്രമാണ് ചെയ്തത്.<br><br>വൈദ്യുതി കണക്ഷൻ നൽകുന്നതിന് ആവശ്യമായ ന്യായമായ ചെലവ് കണക്ഷൻ ആവശ്യമായ വ്യക്തികളിൽ നിന്നും ഇലക്ട്രിസിറ്റി ആക്ട് 2003-ലെ 46-ാം വകുപ്പ് അനുസരിച്ച് ഈടാക്കുവാൻ കേരള **സംസ്ഥാന** |

(. . . 2)

വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സപ്ലൈകോഡ് 2005, വകുപ്പ് 7 (1) പ്രകാരം ബോർഡിനെ അധികാരപ്പെടുത്തിയിട്ടുണ്ട്.

500 വാട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വ്യക്തികളുടെയും, 1000 വാട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിലുള്ള വ്യക്തികളുടെയും സർവ്വീസ് കണക്ഷനുകൾ ലൈൻ നീട്ടൽ ആവശ്യമില്ലെങ്കിൽ ചെലവ് ഈടാക്കാതെ തന്നെ ബോർഡ് നൽകുന്നുണ്ട്. എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധി യില്ലാതെ ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം ബോർഡ് നൽകിയിട്ടുണ്ട്. ഈ പ്രയോജനം എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ കുടുംബങ്ങൾക്കും ലഭിക്കുന്നതാണ്. 1000 വാട്സിനു താഴെ കണക്ടഡ് ലോഡുള്ള കറ്റ് പാവപ്പെട്ട അപേക്ഷകർ, വികലാംഗർ, മാനസിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ, 1000 വാട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള അപേക്ഷകർ, കണക്ടഡ് ലോഡ് പരിധി യില്ലാതെ എസ്.സി/എസ്.ടി വിഭാഗത്തിലുള്ള അപേക്ഷകർ തുടങ്ങിയവർക്ക് സൗജന്യമായി പോസ്റ്റുകൾ വേണ്ട ലൈൻ നീട്ടൽ ആവശ്യമുള്ളതുൾപ്പെടെയുള്ള വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ബോർഡ് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇത് റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ